# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പ് - മാധ്യമങ്ങളിൽ സ്ഥാനാർത്ഥികൾ നൽകുന്ന പരസ്യം സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

നമ്പർ: 718/2015/സം.തി.ക    തീയതി, തിരുവനന്തപുരം, 2015 ഒക്ടോബർ 20

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

## ഉത്തരവ്

2015-ലെ തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളും ബന്ധപ്പെട്ടവരും വിവിധ മാധ്യമങ്ങിലൂടെ നൽകുന്ന പരസ്യങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായിരിക്കണമെന്ന് പെരുമാറ്റച്ചട്ട സംഹിതയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശിക മാധ്യമങ്ങൾ പ്രവർത്തിച്ചു വരുന്ന സാഹചര്യത്തിൽ പ്രാദേശികമായി ലഭിക്കുന്ന ഇത്തരം അപേക്ഷകളിന്മേൽ (request for approval of content in advertisement) അംഗീകാരം നൽകുന്നതിനുള്ള ചുമതല അതാതു ജില്ലാ മീഡിയാ റിലേഷൻസ് സമിതികൾക്കും ഉപഗ്രഹ ചാനലുകൾ / റേഡിയോ ചാനലുകൾ വിവിധ എഡിഷനിൽ പ്രസിദ്ധീകരിക്കുന്ന അച്ചടി മാധ്യമങ്ങൾ എന്നിവയ്ക്കുള്ള പരസ്യത്തിന് അംഗീകാരം നൽകുന്ന ചുമതല സംസ്ഥാന മീഡിയാ റിലേഷൻസ് സമിതിക്കും നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇതിനായി പരസ്യത്തിന്റെ മാതൃക സഹിതം നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട കമ്മിറ്റിയുടെ അദ്ധ്യക്ഷന് അപേക്ഷ നൽകേണ്ടതാണ്. മാതൃകാ ഫാറം തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

**പി. ഗീത**
സെക്രട്ടറി

ബന്ധപ്പെട്ട ഓഫീസർമാർക്ക്
ഡയറക്ടർ, ഐ &പി.ആർ.ഡി
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ വരണാധികാരികൾക്കും
എല്ലാ തിരഞ്ഞെടുപ്പ് ഓഫിസർമാർക്കും / ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:
എല്ലാ നോഡൽ ഓഫീസർമാർക്കും
സീനിയർ ഫിനാൻസ് മാനേജർ
ലാ ഓഫീസർ
പബ്ലിക് റിലേഷൻസ് ഓഫീസർ
കമ്മീഷണറുടെ പി.എസ് / സെക്രട്ടറിയുടെ പി.എ
എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം
**ഒപ്പ്**
സെക്ഷൻ ഓഫീസർ